# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1270 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ക്രമരഹിതമായ പെൻഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹിക സുരക്ഷാ പെൻഷനുകൾ പ്രതിമാസം ഗുണഭോക്താവിന് ലഭിക്കുന്ന വിധത്തിൽ വിതരണം നടത്തിയിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹിക സുരക്ഷാ പെൻഷനുകൾ 2016 ജൂൺ, 2016 സെപ്റ്റംബർ, 2016 ഒക്ടോബർ, 2017 ഏപ്രിൽ എന്നീ മാസങ്ങളിലാണ് വിതരണം നടത്തിയിട്ടുള്ളത്. (പെൻഷൻ വിതരണ രീതി തിരഞ്ഞെടുക്കുന്നതിനും പെൻഷൻ വിതരണത്തിലെ തെറ്റുകൾ തിരുത്തുന്നതിനും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയം അനുവദിക്കുന്നതിന്റെ ഭാഗമായി 3 മാസത്തിലൊരിക്കലാണ് പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്). |
| (ബി) | ക്രമരഹിതമായ പെൻഷൻ വിതരണം കാരണം വരുമാന സഹായ പദ്ധതി എന്ന രീതിയിൽ ഇത് ഗുണഭോക്താക്കൾക്ക് പ്രയോജനകരമാകുന്നില്ലെന്ന സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാണെങ്കിൽ പെൻഷൻ ലഭിക്കുന്നതിന് തടസ്സമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ക്രമരഹിതമായ പെൻഷൻ വിതരണം ഒഴിവാക്കണമെന്നും സാമൂഹിക സുരക്ഷാ പെൻഷനുകൾ വരുമാന സഹായപദ്ധതി എന്ന രീതിയിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടണമെന്നുമുള്ള എ.ജി.യുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ (2016-ലെ 6-ാം നമ്പർ റിപ്പോർട്ട്) ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ആയതിനുശേഷം സാമൂഹിക സുരക്ഷാ പെൻഷൻ പ്രതിമാസം ഗുണഭോക്താവിന് ക്രമമായി ലഭിക്കുന്ന വിധത്തിൽ നൽകാൻ കഴിയാത്തത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ? | (ഡി) | പെൻഷൻ വിതരണ രീതി തിരഞ്ഞെടുക്കുന്നതിനും പെൻഷൻ വിതരണത്തിലെ തെറ്റുകൾ തിരുത്തുന്നതിനും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയം അനുവദിക്കുന്നതിന്റെ ഭാഗമായി 3 മാസത്തിലൊരിക്കലാണ് പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ